സ്വകാര്യ ആശുപത്രികളിൽ പ്രാക്റ്റീസ് ചെയ്യുന്ന ഡോക്ടർമാരുടെ ലീവ് ക്യാൻസൽചെയ്യാൻ നടപടി

146(857)ശ്രീ. എം.കെ. മുനീർ :

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :

ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സർവ്വീസിൽനിന്നും ദീർഘകാല അവധി എടുത്ത് ഡോക്ടർമാർ സ്വകാര്യ ആശുപത്രികളിൽ ജോലിനോക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ വിദഗ്ധ ഡോക്ടർമാരുടെ സേവനം സാധാരണ ജനങ്ങൾക്ക് ലഭ്യമല്ലാത്ത സാഹചര്യം കണക്കിലെടുത്ത് ലീവ് ക്യാൻസൽ ചെയ്ത് ഡോക്ടർമാരെ തിരികെ വിളിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) മെഡിക്കൽ കോളേജ് ആശുപത്രികളിൽ വിദഗ്ധ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുന്നതിന് വേണ്ടി പി.എസ്.സി. ലിസ്റ്റ് നിലവിലില്ലാത്തതു യോഗ്യതയുള്ള ഡോക്ടർമാരുടെ അഭാവത്തിലും ചില വിഭാഗങ്ങളെ സ്കേഴ്സ് കാറ്റഗറികളായി (ദൗർലഭ്യ വിഭാഗങ്ങൾ) പ്രഖ്യാപിച്ചിട്ടുണ്ട്. ഈ കാറ്റഗറിയിൽപ്പെട്ട ഡോക്ടർമാർക്ക് ദീർഘകാല അവധി അനുവദിക്കാറില്ല. മറ്റുദ്യോഗം സ്വീകരിക്കുന്നതിനായി ലീവ് അനുവദിക്കപ്പെടുന്ന കാലയളവിൽ സർക്കാർ ഡോക്ടർമാർക്ക് സർവ്വീസ് സംബന്ധമായ യാതൊരാനുകൂല്യങ്ങളും നൽകുന്നില്ല. കെ.എസ്.ആർ. പ്രകാരം സർക്കാർ അനുവാദത്തോടെ അവധിയിൽ പ്രവേശിക്കുന്നവർക്ക് ഇൻഡ്യയ്ക്കകത്തും പുറത്തും മറ്റു ജോലി സ്വീകരിക്കുവാൻ അനുവാദമുണ്ട്. തിരികെ വിളിക്കുന്നതിനുള്ള നിർദ്ദേശമൊന്നും ഇപ്പോൾ പരിഗണനയിലില്ല.

തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ

147 (858)ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ആവശ്യത്തിന് നഴ്സുമാരും നഴ്സിംഗ് അസിസ്റ്റന്റുമാരും ഇല്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത മെഡിക്കൽ കോളേജിൽ നഴ്സുമാരുടെ എത്ര തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു എന്ന് അറിയിക്കുമോ;

(സി) മെഡിക്കൽ കോളേജിലെ 15, 16, 17 വാർഡുകളിൽ ഒരു ദിവസത്തെ ഡ്യൂട്ടിക്കായി ഇപ്പോൾ എത്ര നഴ്സുമാരെ ലഭ്യമാണ് എന്ന് അറിയിക്കുമോ;

(ഡി) അടിയന്തിരമായി ജീവനക്കാരെ ലഭ്യമാക്കാൻ എന്തു നടപടി സ്വീകരിക്കുവാനുദ്ദേശിക്കുന്നുവെന്നത് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly